തൊഴിലാളി ക്ഷേമനിധി അനുസരിച്ച് കൊടുത്തുതീർക്കുവാനുള്ള തുക

53 [2245] ശ്രീ. പി. കെ. കെ. ബാവ:
,, കെ. പി. എ. മജീദ്:
,, സി. പി. കുഞ്ഞാലിക്കുട്ടി കേയി:
,, കല്ലടി മുഹമ്മദ്:
,, പെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര തൊഴിലാളിക്ഷേമ പദ്ധതികൾ ഉണ്ട്;

(ബി) ഏതെല്ലാം പദ്ധതികളിൽ 1991 ഫെബ്രുവരി വരെ തൊഴിലാളികൾക്ക് കൊടുക്കേണ്ട തുക മുഴുവൻ കൊടുത്തുതീർത്തു;

(സി) ഏതെല്ലാം പദ്ധതികളിൽ കുടിശ്ശിക വരുത്തി;

(ഡി) എത്ര വീതം?

ഉത്തരം

(എ) സംസ്ഥാനത്ത് തൊഴിൽ വകുപ്പിന്റെ കീഴിൽ 9 ക്ഷേമനിധി പദ്ധതികളും 2 ക്ഷേമപദ്ധതികളും നിലവിലുണ്ട്.

(ബി) ക്ഷേമനിധി ബോർഡുകൾ നടപ്പിലാക്കുന്ന പദ്ധതികൾ മുഖേന നൽകേണ്ട തുകകൾ യഥാസമയം നൽകുന്നുണ്ട്. പദ്ധതി പ്രകാരമുള്ള തുകകൾ കൊടുത്തുതീർത്തിട്ടില്ല.

(സി) ക്ഷേമനിധി പദ്ധതികൾ ഒന്നുംതന്നെ കുടിശ്ശിക വരുത്തിയതായി കാണുന്നില്ല. കേരള മരംകയറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരളാ ആർട്ടിസാൻസ് (ഡെത്ത്-കം-റിട്ടയർമെന്റ്) ക്ഷേമ പദ്ധതി എന്നീ ക്ഷേമപദ്ധതികളിൽ കുടിശ്ശിക വന്നിട്ടുണ്ട്.

(ഡി) കേരള മരംകയറ്റ തൊഴിലാളി ക്ഷേമപദ്ധതി പ്രകാരം 31-12-1990-വരെ 181 പേർക്ക് ധനസഹായം നൽകാനുണ്ട്.

കേരളാ ആർട്ടിസാൻസ് (ഡെത്ത്-കം-റിട്ടയർമെന്റ്) ക്ഷേമപദ്ധതി പ്രകാരം മരണമടഞ്ഞ 262 പേരുടെ അവകാശികൾക്ക് മരണാനന്തരസഹായം നൽകുവാനുണ്ട്.

ചുമട്ടു തൊഴിലാളികളിൽനിന്നും പിരിച്ചിട്ടുള്ള തുക

54 [2246] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചുമട്ടുതൊഴിലാളികളിൽ നിന്നും 1990-91 വർഷത്തിൽ തൊഴിലാളി വിഹിതമായി എന്തു തുക അംശദായമായി പിരിച്ചിട്ടുണ്ട്;

(ബി) ജില്ല തിരിച്ചുള്ള കണക്കുകൾ വെളിപ്പെടുത്തുമോ;

(സി) ചുമട്ടുതൊഴിലാളി ക്ഷേമനിധിയിലേക്ക് ഈ ഗവൺമെന്റ് അധികാരമേറ്റശേഷമുള്ള കാലയളവിൽ 1991 ഫെബ്രുവരി വരെ തൊഴിലുടമകൾ അടക്കേണ്ട വിഹിതത്തിൽ എന്തു തുക പിരിച്ചെടുത്തു;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) തൊഴിലുടമകൾ ക്ഷേമനിധിയിലേയ്ക്ക് വിഹിതമടക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ 1987 മുതൽ 1991 ഫെബ്രുവരി വരെ ഈ ഇനത്തിൽ എന്തുതുക കുടിശ്ശിക വരുത്തിയിട്ടുണ്ട്?

ഉത്തരം

(എ)-യും (ബി)-യും

| | | |
|---|---|---|
| തിരുവനന്തപുരം | .. | 7,64,428.83 |
| എറണാകുളം | .. | 5,19,334.96 |
| തൃശ്ശൂർ | .. | 12.80,571.48 |
| പാലക്കാട് | .. | 7,38,948.98 |
| കോഴിക്കോട് | .. | 10,93,412.45 |
| കണ്ണൂർ | .. | 73,034.93 |
| തൊടുപുഴ | .. | 1,15,786.69 |
| ചങ്ങനാശ്ശേരി | .. | 1,57,940.13 |
| കോട്ടയം | .. | 2,58,264.87 |
| ആലപ്പുഴ | .. | 30,608.69 |

(സി) 1,28,60,476.03 രൂപ.

(ഡി) ഉണ്ട്.

(ഇ) ഏകദേശം 3 ലക്ഷം രൂപ.

കള്ളുഷാപ്പുകൾ

55 [2247] ശ്രീ. ഗോപി കോട്ടമുറിക്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ മുൻ ഗവൺമെൻറിൻെറ കാലത്ത് ലേലത്തിൽ പോകാതിരുന്ന 5 റേഞ്ചുകളിലെ കള്ളുഷാപ്പുകൾ തൊഴിലാളികളുടെ സംയുക്ത കമ്മിറ്റിയാണ് നടത്തിയിരുന്നതെന്ന വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലത്തെ ക്ഷേമനിധി എത്ര തുകയാണെന്നു വ്യക്തമാക്കുമോ;

(സി) ഈ തുക ഈടാക്കുന്നതിൽനിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഗവൺമെൻറിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ആരിൽനിന്നെല്ലാം നിവേദനങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഇ) ക്ഷേമനിധി കുടിശ്ശിക ബാദ്ധ്യതയിൽനിന്നും ട്രേഡ് യൂണിയൻ നേതാക്കളെ ഒഴിവാക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1982 മുതൽ 1985 വരെയുള്ള കാലയളവിൽ അഞ്ചു റേഞ്ചുകളിലുമായി ആകെ 58,89,402 രൂപ മുതലായും 6,81,832 രൂപ പലിശയായും കുടിശ്ശിക ഉണ്ട്.



LIBRARY ARCHIVES Kerala Legislative Assembly